കാലിക്കറ്റ് സർവ്വകലാശാല

## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

# പത്രക്കുറിപ്പ്

2025-2026 അധ്യായന വർഷത്തേക്കുള്ള ബിരുദ പ്രവേശനത്തിനോടനുബന്ധിച്ച് എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വോട്ട റാങ്ക് ലിസ്റ്റ് അതത് കോളേജുകളിലും വിദ്യാർത്ഥികളുടെ ലോഗിനിലും ലഭ്യമാക്കിയിട്ടുണ്ട്. ബിരുദ രെജിസ്ട്രേഷൻ സമയത്ത് വിദ്യാർത്ഥികൾ തെരെഞ്ഞെടുത്ത കോളേജുകളിൽ നിന്നുമാണ് കമ്മ്യൂണിറ്റി ക്വോട്ട റാങ്ക് ലിസ്റ്റ് തയ്യാറാക്കി യിരിക്കുന്നത് .

കമ്മ്യൂണിറ്റി ക്വോട്ട റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് അതത് കോളേജു കളുമായി ബന്ധപ്പെട്ട ശേഷം പ്രവേശനത്തിന് ഹാജരാവേണ്ടതാണ്. മേൽ റാങ്ക് ലിസ്റ്റ് പ്രകാരമായിരിക്കും അതത് കോളേജുകൾ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകുക. പ്രവേശനത്തിന് ഹാജരാകുന്നതിന് മുൻപ് കോളേജുമായി ബന്ധപ്പെടേണ്ടതും പ്രവേശനത്തിനായി അവർ നിർദേശിക്കുന്ന സമയക്രമം പാലിക്കേണ്ടതുമാണ്. കമ്മ്യൂണിറ്റി ക്വോട്ടയിലേക്ക് പ്രവേശനം ലഭിച്ച വിദ്യാർഥികൾ സ്റ്റുഡന്റ് ലോഗിൻ വഴി മാന്റേറ്ററി ഫീസ് അടവാക്കേണ്ടതാണ് .

കമ്മ്യൂണിറ്റി ക്വോട്ട റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള നിലവിൽ മൂന്നാം അലോട് മെന്റിനായി കാത്തിരിക്കുന്ന വിദ്യാർത്ഥികൾക്ക് (രണ്ടാം അലോട് മെന്റിൽ പ്രവേശനം നേടി ഹയർ ഓപ്ഷൻ നിലനിർത്തി മൂന്നാം അല്ലോട് മെന്റിനായി കാത്തിരിക്കുന്ന വിദ്യാർഥികൾ ഉൾപ്പെടെ) മൂന്നാം അലോട് മെന്റ് പ്രസിദ്ധീകരിച്ച് അഡ്മിഷൻ ആരംഭിക്കുന്നത് വരെ കമ്മ്യൂണിറ്റി ക്വോട്ടയിലേക്കുള്ള പ്രവേശനത്തിന് ഹാജരാകാൻ സമയം അനുവദിക്കുന്നതിനായി അതത് കോളേജുകളോട് ആവശ്യപ്പെടാവുന്നതാണ്.

(ഒപ്പ്)

ഡയറക്ടർ

C.U. Campus
30.06.2025